

THURSDAY 05/03/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/03/2026

1. പുഞ്ച കൃഷി ഇറക്കിയ പാടശേഖരങ്ങളിൽ തണ്ടുതുരപ്പൻ, കതിർപ്പേൻ എന്നിവയുടെ സാന്നിധ്യം കാണുന്ന പക്ഷം കൊതുമ്പ് സമയത്ത് സ്പൈനറ്റോറം/സ്പൈനോസാഡ്/ഐസോ സൈക്ലോസെറം എന്നിവയിലേതെങ്കിലും അടങ്ങിയ കീടനാശിനികൾ ശുപാർശ ചെയ്ത അളവിൽ പശ കൂടി ചേർത്ത് തളിക്കണം, ഒപ്പം വരമ്പുകളിലെ കളനിയന്ത്രണത്തിൽ ശ്രദ്ധ പുലർത്തുകയും വേണം. കതിർപ്പേൻ ആക്രമണത്തെ പ്രതിരോധിക്കാൻ കൊതുമ്പ് സമയം മുതൽ കതിർമണികളിൽ പാലൂറി നിറയുന്നതു വരെ കണ്ടത്തിൽ 5 സെ.മീ പൊക്കത്തിൽ വെള്ളം നിർത്തണം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന കീടനിരീക്ഷണകേന്ദ്രവുമായി 7559908639 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ വയനാട്ടിലെ പൂക്കോട്ടുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിലേയ്ക്ക് ഇലക്ട്രിക്കൽ എഞ്ചിനീയറിങ് വിഭാഗം ടീച്ചിങ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക നിയമനത്തിനായി മാർച്ച് 11ന് കോളേജിൽ വെച്ച് രാവിലെ 10 മണിയ്ക്ക് ഇന്റർവ്യൂ നടത്തുന്നു. ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ എം ടെക് ബിരുദവും യുജിസി നെറ്റും ഉള്ളവർക്ക് അപേക്ഷിയ്ക്കാം. ഈ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ മാത്രം മെക്കാനിക്കൽ എഞ്ചിനീയറിങ് എം ടെക് ബിരുദധാരികളെ പരിഗണിയ്ക്കുന്നതാണ്. യോഗ്യതാസർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളും പകർപ്പുകളും പ്രവൃത്തിപരിചയം തെളിയിക്കുന്നതിനുള്ള രേഖകളും വയസ്സ് തെളിയിക്കുന്ന രേഖകളും അപേക്ഷാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന “Participatory Rural Appraisal” എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 മാർച്ച് 6 ന് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. മാർച്ച് 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 6 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

4. റബ്ബർ ബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2026 മാർച്ച് 09 മുതൽ 13 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ് രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള റബ്ബർകർഷകർക്കും തോട്ടം മേഖലയിൽ നിന്നുള്ളവർക്കും അപേക്ഷിക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ training@rubberboard.org.in

## 5. കാർഷിക നിർദേശം

കുരുമുളകിൽ കാണപ്പെടുന്ന നിമാവിരകളെ നിയന്ത്രിക്കുന്നതിനായി മിത്ര കുമിളായ പോച്ചോണിയ ക്ലാമിഡോസ്പോറിയ പൊടി 10 ഗ്രാം നന്നായി പൊടിച്ച 2 കിലോ ചാണകത്തിലോ കമ്പോസ്റ്റിലോ ചേർത്ത് ചെടികളുടെ തടത്തിൽ ഇട്ടുകൊടുക്കുക.

വഴുതനയിൽ കായ തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച തളിക്കുക.